# 2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

മത്സ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും
വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും
വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം
പരിപാലിക്കുന്നതിനും അവയുമായിബന്ധപ്പെട്ടതോ
അതിന് ആനുഷംഗികമായതോ ആയ മറ്റു
കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ
ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് മത്സ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ആക്റ്റിന് 2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2020 സെപ്റ്റംബർ 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ന്യായനിർണ്ണയ ഉദ്യോഗസ്ഥൻ" എന്നാൽ ഈ ആക്റ്റിലെ 26-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ബി) "അപ്പീൽ അധികാരി" എന്നാൽ അതതു ജില്ലയുടെ അധികാരിതയുള്ള ജില്ലാ കളക്ടർ എന്നർത്ഥമാകുന്നു;

(സി) "ലേലക്കമ്മീഷൻ" എന്നാൽ ലേലം നടത്തിയതിന്റെയോ ലേലം നടത്തിപ്പിനായി സൗകര്യങ്ങൾ പ്രദാനം ചെയ്തതിന്റെയോ വകയിൽ മത്സ്യവില്പനക്കാരിൽ നിന്നും സർവ്വീസ് ചാർജ്ജിനത്തിൽ ഈടാക്കുന്ന തുകയോ മത്സ്യമോ എന്നർത്ഥമാകുന്നു;

(ഡി) "ലേലക്കാരൻ" എന്നാൽ മത്സ്യലേലത്തിനു വേണ്ടി 5-ാം വകുപ്പ് പ്രകാരം സാധുതയുള്ള ഒരു അനുമതിപത്രം കരസ്ഥമാക്കിയ വ്യക്തി എന്നർത്ഥമാകുന്നു;

(ഇ) "അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ" എന്നാൽ ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലപ്പെട്ട കടമകൾ നിർവ്വഹിക്കുന്നതിനുമായി വിജ്ഞാപനം വഴി സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള, ആ പ്രദേശത്ത് അധികാരിതയുള്ള ഫിഷറീസ് വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(എഫ്) "ചിൽഡ് സ്റ്റോറേജ് " എന്നാൽ മത്സ്യത്തെ വാണിജ്യാടിസ്ഥാനത്തിൽ താഴ്ന്ന ഊഷ്മാവിൽ തണുപ്പിച്ച് സൂക്ഷിക്കുന്നതിനുള്ള സൗകര്യം എന്നർത്ഥമാകുന്നു;

(ജി) "പരിവഹന സൗകര്യം" എന്നാൽ വാണിജ്യാടിസ്ഥാനത്തിൽ മത്സ്യം റോഡ് മാർഗ്ഗം വിതരണം ചെയ്യുന്നതിനുപയോഗിക്കുന്ന യന്ത്രവത്കൃത വാഹനം എന്നർത്ഥമാകുന്നു;

(എച്ച്) "മത്സ്യം" എന്നാൽ ഭക്ഷ്യയോഗ്യമായതും സാമ്പത്തിക വാണിജ്യ മൂല്യമുള്ളതുമായ എല്ലാ ജലജീവികളും എന്നർത്ഥമാകുന്നു;

(ഐ) "മത്സ്യബന്ധനം" എന്നാൽ ഏതെങ്കിലും മാർഗ്ഗങ്ങൾ അവലംബിച്ച് മത്സ്യം പിടിക്കുകയോ ശേഖരിക്കുകയോ ആകർഷിക്കുകയോ പിന്തുടരുകയോ ചെയ്യുക എന്നർത്ഥമാകുന്നു;

(ജെ) "ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റി" എന്നാൽ ഈ ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരം ഒരു ലാന്റിംഗ് സെന്ററിന്റെ നടത്തിപ്പിനും പരിപാലനത്തിനുമായി രൂപീകരിച്ച സൊസൈറ്റി എന്നർത്ഥമാകുന്നു;

(കെ) "ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റി" എന്നാൽ ഈ ആക്റ്റിലെ 11-ാം വകുപ്പ് പ്രകാരം ഒരു മാർക്കറ്റിന്റെ നടത്തിപ്പിനും പരിപാലനത്തിനുമായി രൂപീകരിച്ച സൊസൈറ്റി എന്നർത്ഥമാകുന്നു;

(എൽ) "മത്സ്യത്തൊഴിലാളി" എന്നാൽ ജീവസന്ധാരണത്തിനുവേണ്ടി മുഖ്യമായും മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന ഒരു വ്യക്തി എന്നർത്ഥമാകുന്നു;

(എം) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എൻ) "ഹാർബർ" എന്നാൽ മത്സ്യബന്ധന യാനങ്ങൾ കരയ്ക്കടുപ്പിക്കുന്നതിനും സുരക്ഷിതമായും ശുചിത്വപൂർണ്ണമായും മത്സ്യം ഇറക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ സ്ഥലം എന്നർത്ഥമാകുന്നു;

(ഒ) "ഹാർബർ മാനേജ്മെന്റ് സൊസൈറ്റി" എന്നാൽ ഈ ആക്റ്റിലെ 9-ാം വകുപ്പ് പ്രകാരം ഒരു മത്സ്യബന്ധന ഹാർബറിന്റെ നടത്തിപ്പിനും പരിപാലനത്തിനുമായി രൂപീകരിച്ച സൊസൈറ്റി എന്നർത്ഥമാകുന്നു;

(പി) "ഐസ് പ്ലാന്റ്" എന്നാൽ മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ഐസ്, വ്യാവസായിക/വാണിജ്യാടിസ്ഥാനത്തിൽ, നിർമ്മിക്കുന്ന സ്ഥാപനം എന്നർത്ഥമാകുന്നു;

(ക്യൂ) "ലാന്റിംഗ് സെന്റർ" എന്നാൽ ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടതും മത്സ്യം കടലിൽനിന്ന് നേരിട്ട് കരയിലെത്തിക്കുന്നതിനുവേണ്ടിയുള്ളതുമായ സ്ഥലം എന്നർത്ഥമാകുന്നു;

(ആർ) "മാർക്കറ്റ്" എന്നാൽ ലാന്റിംഗ് സെന്റർ, ഹാർബർ, കടമുറി, ബൂത്ത്, മത്സ്യ കൃഷിയിടം എന്നിവ ഒഴികെ ആഭ്യന്തര ഉപഭോഗത്തിനോ കയറ്റുമതിക്കോ വേണ്ടി മത്സ്യം വിപണനം നടത്തുന്നതോ അല്ലെങ്കിൽ കൈമാറ്റം ചെയ്യുന്നതോ ആയതും ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടതുമായ സ്ഥലം എന്നർത്ഥമാകുന്നു;

(എസ്) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(റ്റി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(യു) "പൂർവ്വ സംസ്കരണം" എന്നാൽ മത്സ്യത്തിന്റെ തല നീക്കം ചെയ്യൽ, മാംസം വേർതിരിക്കൽ, ചെകിള നീക്കം ചെയ്യൽ, കുടൽ നീക്കം ചെയ്യൽ, തൊലിപൊളിക്കൽ മുതലായവ എന്നർത്ഥമാകുന്നു;

(വി) "പൂർവ്വ സംസ്കരണകേന്ദ്രം" എന്നാൽ മത്സ്യത്തിന്റെ പൂർവ്വ സംസ്കരണം വ്യാവസായിക/വാണിജ്യാടിസ്ഥാനത്തിൽ നടത്തുന്നതിനായി സജ്ജീകരിച്ച സ്ഥാപനമോ സ്ഥലമോ ചുറ്റുപാടോ എന്നർത്ഥമാകുന്നു;

(ഡബ്ല്യൂ) “സംസ്കരണം" എന്നാൽ മത്സ്യം ടിന്നിലടയ്ക്കുകയോ അച്ചാറാക്കുകയോ വേവിക്കുകയോ ഉണക്കുകയോ ഉപ്പിലിടുകയോ ശീതീകരിക്കുകയോ പുകച്ചുണക്കുകയോ സമാനമായ തരത്തിൽ വിപണനത്തിന് സജ്ജമാക്കുകയോ ചെയ്യുക എന്നർത്ഥമാകുന്നു;

(എക്സ്) “സംസ്കരണകേന്ദ്രം" എന്നാൽ മത്സ്യത്തിന്റെ സംസ്കരണപ്രവർത്തനങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ നടത്തുന്നതിനായി സജ്ജീകരിച്ച സ്ഥാപനമോ സ്ഥലമോ ചുറ്റുപാടോ എന്നർത്ഥമാകുന്നു;

(വൈ) “സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റി" എന്നാൽ 16-ാം വകുപ്പ് പ്രകാരം രൂപീകരിച്ച കമ്മിറ്റി എന്നർത്ഥമാകുന്നു;

(ഇസഡ്) “യൂസർ ഫീ" എന്നാൽ സർക്കാരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ള ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് തുടങ്ങിയ ഇടങ്ങളിൽ പ്രസ്തുത സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുകയോ അനുഭവിക്കുകയോ ചെയ്യുന്നതിലേക്ക് വ്യക്തികൾ, സ്ഥാപനങ്ങൾ, വാഹനങ്ങൾ എന്നിവയിൽ നിന്ന് ഈടാക്കുന്ന ഫീസ് എന്നർത്ഥമാകുന്നു;

(ഇസഡ്എ) “യാനം" എന്നാൽ മത്സ്യബന്ധനം നടത്തുന്നതിനോ ജലമാർഗ്ഗം മത്സ്യം കടത്തുന്നതിനോ ഉപയോഗിക്കുന്ന ഒരു വാഹനം എന്നർത്ഥമാകുന്നു.

3. ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവ പ്രഖ്യാപിക്കുന്നതിനുള്ള അധികാരം.—

(1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിലെ ആവശ്യങ്ങൾക്കായി സർക്കാരിന്, ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവ കാലാകാലങ്ങളിൽ വിജ്ഞാപനം വഴി പ്രഖ്യാപിക്കാവുന്നതാണ്.

(2) ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവയുടെ അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെ നിലവാരം സർക്കാരിന്, വിജ്ഞാപനത്തിലൂടെ നിഷ്കർഷിക്കാവുന്നതാണ്.

4. മത്സ്യലേലം വ്യവസ്ഥപ്പെടുത്തൽ.—(1) ഈ ആക്റ്റിലെ 3-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവിടങ്ങളിൽക്കൂടിയല്ലാതെ യാതൊരാളും മത്സ്യലേലം നടത്തുവാൻ പാടില്ലാത്തതാകുന്നു:

എന്നാൽ ലേലത്തിലൂടെയല്ലാതെ മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് മത്സ്യ വിപണനം നടത്തുന്നതിന് ഈ ഉപവകുപ്പ് തടസ്സമാകുന്നതല്ല.

(2) ഈ ആക്റ്റിലെ 5-ാം വകുപ്പ് പ്രകാരം അനുമതിപത്രം നേടാത്ത യാതൊരാളും ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവിടങ്ങളിൽ മത്സ്യലേലം നിർവ്വഹിക്കാൻ പാടില്ലാത്തതാകുന്നു:

എന്നാൽ ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ സർക്കാർ വിജ്ഞാപനം ചെയ്ത ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവയ്ക്ക് പുറത്ത് മത്സ്യലേലത്തിൽ താൽക്കാലികമായി ഏർപ്പെടുന്നതിനുള്ള അനുമതിപത്രം ബന്ധപ്പെട്ട ഹാർബർ മാനേജ്മെന്റ് സൊസൈറ്റി/ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെട്ട പ്രകാരം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് നൽകാവുന്നതാണ്.

(3) മത്സ്യലേലം നിർവ്വഹിക്കേണ്ട രീതി, ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ നിർണ്ണയിക്കപ്പെട്ട പ്രകാരം ആയിരിക്കുന്നതാണ്.

(4) ലേലത്തുകയുടെ അഞ്ചു ശതമാനത്തിൽ കവിയാത്ത തുക ലേലക്കമ്മീഷൻ ആയി നിർണ്ണയിക്കപ്പെടുന്ന തരത്തിൽ വസൂലാക്കാവുന്നതാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം വസൂലാക്കപ്പെടുന്ന ലേലക്കമ്മീഷൻ താഴെപ്പറയും പ്രകാരം വിഭജിക്കപ്പെടാവുന്നതാണ്, അതായത് :—

(എ) ഫിഷ് ലാന്റിംഗ് സെന്റർ/ഫിഷിംഗ് ഹാർബർ

(i) ലേലക്കാരന് -ഇരുപത് ശതമാനം;

(ii) ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയ്ക്ക്/ ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റിയ്ക്ക് -ഇരുപത് ശതമാനം;

(iii) ബന്ധപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് വാർഷിക ഉൽപ്പാദന ബോണസായി തിരികെ നൽകുന്നതിനായി - നാൽപ്പത് ശതമാനം ;

(iv) ലേലത്തിൽ പങ്കാളിയാകുന്ന സൊസൈറ്റികൾക്ക് - ഇരുപത് ശതമാനം

(ബി) ഫിഷ് മാർക്കറ്റ്

(i) ലേലക്കാരന് - ഇരുപത് ശതമാനം ;

(ii) ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റിയ്ക്ക് -ഇരുപത് ശതമാനം ;

(iii) ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് - മുപ്പത് ശതമാനം ;

(iv) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്/മാർക്കറ്റിന്റെ ഉടമയ്ക്ക്-മുപ്പത് ശതമാനം.

(6) ലേലക്കാരൻ ഉൾപ്പെടെ യാതൊരാളും പണമായോ മറ്റ് രീതിയിലോ ഒരു തരത്തിലുമുള്ള മറ്റ് ആനുകൂല്യങ്ങൾ മത്സ്യലേലവുമായി ബന്ധപ്പെട്ട് വസൂലാക്കാൻ പാടില്ലാത്തതാകുന്നു.

(7) മത്സ്യത്തിന്റെ എണ്ണം, തൂക്കം എന്നിവയുടെയോ അവ ഉൾക്കൊള്ളുന്ന പെട്ടി, കുട്ട എന്നിവയുടെ എണ്ണത്തിന്റെയോ അടിസ്ഥാനത്തിൽ ലേലം നിർവ്വഹിക്കേണ്ടതാകുന്നു.

(8) മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിൽ നിന്ന് മത്സ്യബന്ധന ഉപകരണങ്ങൾ സ്വായത്തമാക്കുന്നതിനായി വായ്പയെടുത്തിട്ടുള്ള ഏതൊരാളും പ്രസ്തുത സംഘം നിയോഗിച്ചിട്ടുള്ള ലേലക്കാരൻ മുഖേനയല്ലാതെ മത്സ്യലേലത്തിൽ ഏർപ്പെടാൻ പാടുള്ളതല്ല.

(9) ഈ വകുപ്പിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും ഈ ആക്റ്റിലെ 30-ാം വകുപ്പ് പ്രകാരം ശിക്ഷാനടപടികൾക്ക് വിധേയനാകുന്നതാണ്.

5. ലേലക്കാരനുള്ള അനുമതിപത്രം.—(1) ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവിടങ്ങളിൽ മത്സ്യലേലം നിർവ്വഹിക്കുന്നതിനുള്ള അനുമതിപത്രം ലഭിക്കുന്നതിലേക്കായി ഒരാൾ ആ പ്രദേശത്തേക്ക് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ നിർണ്ണയിക്കപ്പെട്ട പ്രകാരം അങ്ങനെയുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപേക്ഷ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഫീസ് ഒടുക്കി ആവശ്യമായ വിവരങ്ങളും ലേലത്തിൽ ഏർപ്പെടാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് രൂപീകരിക്കപ്പെട്ട, അതതുസംഗതിപോലെ, ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റിയുടെയോ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെയോ ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റിയുടെയോ, ആ പ്രദേശത്ത് നിലവിലുള്ള മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിന്റേയോ ശിപാർശയും സഹിതം സമർപ്പിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യമായ അന്വേഷണം നടത്തിയോ നടത്തിച്ചുകൊണ്ടോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ, അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം മത്സ്യലേലം നിർവ്വഹിക്കുന്നതിനുള്ള അനുമതിപത്രം നൽകുകയോ അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്.

(4) അനുമതിപത്രം അനുവദിച്ചു കിട്ടുന്നതിലേക്കായി അപേക്ഷകൻ നിർണ്ണയിക്കപ്പെട്ട തുകയ്ക്കുള്ള സെക്യൂരിറ്റി നിക്ഷേപം നിർണ്ണയിക്കപ്പെട്ട പ്രകാരം ഒടുക്കേണ്ടതാണ്.

(5) (3)-ാം ഉപവകുപ്പ് പ്രകാരം നൽകുന്ന അനുമതിപത്രം നിർണ്ണയിക്കപ്പെട്ടിട്ടുള്ള അങ്ങനെയുള്ള മാതൃകയിൽ ആയിരിക്കേണ്ടതും അതിൽ അനുമതി ലഭിച്ച ഫിഷ് ലാന്റിംഗ് സെന്ററിന്റെ/ഹാർബറിന്റെ/മാർക്കറ്റിന്റെ പേരും അതു സ്ഥിതിചെയ്യുന്ന ജില്ലയും രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്.

(6) (1)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിച്ച ഒരു അപേക്ഷ നിരസിക്കുന്ന പക്ഷം പ്രസ്തുത വിവരം ആയത് നിരസിക്കാനുള്ള കാരണം സഹിതം അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

(7) ലേലക്കാരന് ലേലം നിർവ്വഹിക്കുന്നതിനുള്ള അവകാശം അനുമതിപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലത്ത് മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

(8) റദ്ദാക്കപ്പെടുകയോ തടഞ്ഞുവയ്ക്കപ്പെടുകയോ ചെയ്യാത്ത പക്ഷം ഈ വകുപ്പ് പ്രകാരം നൽകുന്ന അനുമതിപത്രത്തിന് മൂന്ന് വർഷക്കാലത്തേക്ക് സാധുതയുണ്ടായിരിക്കുന്നതാണ്.

(9) (3)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച ഒരു അനുമതിപത്രം അതിന്റെ കാലാവധി അവസാനിക്കുന്നതിനു മുമ്പായി ഒരു പുതിയ അനുമതിപത്രം നേടുന്നതിനായി അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് ഒടുക്കിക്കൊണ്ടും പുതുക്കാവുന്നതാണ്.

6. <u>ലേലക്കാരൻ പാലിക്കേണ്ട വ്യവസ്ഥകൾ</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും അതിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി ലേലക്കാരൻ താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിച്ചിരിക്കേണ്ടതാണ്, അതായത്:—

(i) 5-ാം വകുപ്പ് പ്രകാരമുള്ള അനുമതിപത്രം ലഭ്യമാക്കുന്നതിലേക്ക് നിർണ്ണയിക്കപ്പെട്ട നിബന്ധനകളും ബന്ധപ്പെട്ട വിജ്ഞാപനങ്ങളും/ഉത്തരവുകളും അനുസരിച്ചായിരിക്കണം പ്രവർത്തിക്കേണ്ടത്;

(ii) അനുമതിപത്രത്തിൽ നിഷ്കർഷിച്ചിട്ടുള്ള ഹാർബറിൽ/ലാന്റിംഗ് സെന്ററിൽ/ മാർക്കറ്റിൽ മാത്രം ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും അനുമതിപത്രത്തിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി മത്സ്യത്തിന്റെ ലേലം നിർവ്വഹിക്കേണ്ടതാണ്;

(iii) സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനത്താൽ നിശ്ചയിക്കുന്ന ലേലക്കമ്മീഷൻ ഒഴികെ മറ്റ് യാതൊരുവിധ ഫീസുകളോ കമ്മീഷനോ സമാനമായതോ അല്ലാത്തതോ ആയ തുകയോ ഈടാക്കുവാൻ ലേലക്കാരന് അവകാശം ഉണ്ടായിരിക്കുന്നതല്ല.

(2) ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്കോ അനുമതിപത്രത്തിലെ നിബന്ധനകൾക്കോ വിരുദ്ധമായ ഏതെങ്കിലും

പ്രവർത്തികൾ ലേലക്കാരൻ ചെയ്യുന്നപക്ഷം, അയാൾ 30-ാം വകുപ്പ് പ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയനാകുന്നതാണ്.

7. <u>ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റിയുടെ രൂപീകരണം</u>.—

(1) ഓരോ ഫിഷ് ലാന്റിംഗ് സെന്ററിന്റെയും ശരിയായ നടത്തിപ്പിനും പരിപാലനത്തിനും നിരീക്ഷണത്തിനുമായി, സർക്കാരിന്, ഓരോ ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റി വിജ്ഞാപനത്താൽ രൂപീകരിക്കാവുന്നതാണ്. അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

| | | | |
|---|---|---|---|
| (i) | പ്രദേശത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മുനിസിപ്പാലിറ്റിചെയർമാൻ/മുനിസിപ്പൽ കോർപ്പറേഷൻ ഡിവിഷൻ മെമ്പർ | - | ചെയർപേഴ്സൺ |
| (ii) | പ്രദേശം അധികാര പരിധിയിൽ വരുന്ന മത്സ്യഭവന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ | - | മെമ്പർ സെക്രട്ടറി |
| (iii) | പ്രദേശം അധികാര പരിധിയിൽ വരുന്ന ഭക്ഷ്യ സുരക്ഷാ ഓഫീസർ | - | അംഗം |
| (iv) | പ്രദേശം അധികാരപരിധിയിൽ വരുന്ന മത്സ്യഫെഡ് പ്രോജക്ട് ഓഫീസർ | - | അംഗം |
| (v) | പ്രദേശത്തെ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (മുനിസിപ്പൽ കോർപ്പറേഷന് ബാധകമല്ല) | - | അംഗം |
| (vi) | ഫിഷ് ലാന്റിംഗ് സെന്റർ സ്ഥിതിചെയ്യുന്ന വാർഡിലെ ഗ്രാമപഞ്ചായത്ത് ഭരണ സമിതി/ മുനിസിപ്പൽ കൗൺസിൽ മെമ്പർ (മുനിസിപ്പൽ കോർപ്പറേഷന് ബാധകമല്ല) | - | അംഗം |
| (vii) | പ്രദേശം അധികാര പരിധിയായി വരുന്ന മത്സ്യത്തൊഴിലാളി സഹകരണ സംഘം പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടു പേർ | - | അംഗങ്ങൾ |

(viii) അതത് പ്രദേശത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, അഞ്ചിൽ അധികരിക്കാത്ത പ്രതിനിധികൾ - അംഗങ്ങൾ.

(2) (1)-ാം ഉപവകുപ്പിലെ (ii), (iii), (iv) എന്നീ ഇനങ്ങൾ പ്രകാരം ഔദ്യോഗിക സ്ഥാനം വഹിക്കുന്നതു വഴി അംഗങ്ങളാകുന്നവരുടെ കാലാവധി, അവർ അത്തരത്തിലുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്ന കാലത്തോളം ആയിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പിലെ (i), (v), (vi) എന്നീ ഇനങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സ്ഥാനം വഹിക്കുന്നതുവഴി അംഗങ്ങളാകുന്നവരുടെ കാലാവധി, അവർ അപ്രകാരമുള്ള സ്ഥാനം വഹിക്കുന്ന കാലത്തോളം ആയിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പിലെ (vii)-ാം ഇനം പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്നതുവഴി അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളി സഹകരണ സംഘം പ്രസിഡന്റുമാരുടെ കാലാവധി (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ അഞ്ചു വർഷത്തേക്കോ അവരുടെ പ്രസിഡന്റ് സ്ഥാനം അവസാനിക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ആയിരിക്കുന്നതാണ്.

(5) (1)-ാം ഉപവകുപ്പിലെ (viii)-ാം ഇനം പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്നതുവഴി അംഗങ്ങളാകുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കാലാവധി (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ അഞ്ചു വർഷക്കാലത്തേക്കായിരിക്കുന്നതാണ്.

(6) (1)-ാം ഉപവകുപ്പിലെ (vii), (viii) എന്നീ ഇനങ്ങൾ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന അനൗദ്യോഗിക അംഗങ്ങൾക്ക്, സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ തൽസ്ഥാനത്ത് തുടരാവുന്നതുമാണ്.

(7) നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു അനൗദ്യോഗിക അംഗത്തിന്റെ ഇടക്കാല ഒഴിവോ ആകസ്മിക ഒഴിവോ അപ്രകാരമുള്ള ഒഴിവുണ്ടായി മൂന്നു മാസത്തിനകം നികത്തേണ്ടതും അപ്രകാരം പുതിയതായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗം, അദ്ദേഹത്തെ ആരുടെ

സ്ഥാനത്തേക്കാണോ നാമനിർദ്ദേശം ചെയ്യപ്പെട്ടത്, ആ അംഗത്തിന്റെ ശേഷിക്കുന്ന കാലയളവിലേക്ക് മാത്രം സ്ഥാനം വഹിക്കേണ്ടതുമാണ്.

(8) സർക്കാരിന്, നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതൊരംഗത്തേയും,—

(എ) അയാൾക്ക് ബുദ്ധിസ്ഥിരതയില്ലാത്തതായി അധികാരിതയുള്ള കോടതിയാൽ വിധിക്കപ്പെടുകയോ;

(ബി) അയാൾ ഒരു അവിമുക്ത നിർദ്ധനനായി അധികാരിതയുള്ള കോടതിയാൽ വിധിക്കപ്പെടുകയോ;

(സി) അയാൾക്ക് ശാരീരികമോ മാനസികമോ ആയ വൈകല്യത്താൽ അപ്രകാരം തുടരാൻ കഴിവില്ലാതെ വരികയോ;

(ഡി) സർക്കാരിന്റെ അഭിപ്രായത്തിൽ സദാചാര വിരുദ്ധമായതോ സാമ്പത്തിക ക്രമക്കേടുകൾ ഉൾപ്പെടെയുള്ളതോ ആയ കുറ്റകൃത്യത്തിനോ അയാൾ ശിക്ഷിക്കപ്പെടുകയോ,

ചെയ്താൽ, അംഗത്വത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്.

8. <u>ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും.</u>—ഈ ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും താഴെപ്പറയും പ്രകാരമായിരിക്കുന്നതാണ്, അതായത്:—

(i) ഫിഷ് ലാന്റിംഗ് സെന്ററിന്റെ അടിസ്ഥാന ഭൗതികസൗകര്യ വികസന പ്രവർത്തനവും മറ്റു അനുബന്ധ പ്രവൃത്തികളും ആവിഷ്കരിക്കൽ, പദ്ധതികൾ രൂപവൽക്കരിക്കൽ, മേൽനോട്ടം വഹിക്കൽ എന്നിവയിൽ ഏർപ്പെടുക;

(ii) ഫിഷ് ലാന്റിംഗ് സെന്ററിൽ നടത്തപ്പെടുന്ന മത്സ്യലേലം, വിൽപ്പന, ഗുണനിലവാര പരിപാലനം എന്നിവ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണെന്ന് ഉറപ്പ് വരുത്തുക;

(iii) ബന്ധപ്പെട്ട എല്ലാ ആളുകൾക്കും ഈ ആക്റ്റിലെ വ്യവസ്ഥകളെക്കുറിച്ച് ബോധവൽക്കരണം നൽകുക;

(iv) ഫിഷ് ലാന്റിംഗ് സെന്ററിൽ മത്സ്യലേലത്തിലും വിൽപ്പനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിച്ചുകൊണ്ട് അതിൽ പങ്കെടുക്കുന്നവർ തമ്മിൽ തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ അവ പരിഹരിക്കുക;

(v) ഈ ആക്റ്റിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരെ സഹായിക്കുക;

(vi) സർക്കാർ വിജ്ഞാപനത്താൽ നിശ്ചയിക്കുന്ന നിരക്കിലുള്ള യൂസർ ഫീസ് ഉപയോക്താക്കളിൽ നിന്നും ഈടാക്കാൻ ഏർപ്പാടാക്കുക;

(vii) ലഭിക്കുന്ന യൂസർ ഫീസ്, ലേലക്കമ്മീഷൻ വിഹിതം എന്നിവ ബന്ധപ്പെട്ട ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനത്തിനും നടത്തിപ്പിനും മറ്റു പ്രവർത്തനങ്ങൾക്കുമായി ചെലവഴിക്കുക;

(viii) ലഭിക്കുന്ന യൂസർ ഫീസിൽ നിന്നും നിർണ്ണയിക്കപ്പെടുന്ന നിരക്കിലുള്ള തുക സർക്കാരിനുള്ള വിഹിതമായി സർക്കാർ ഖജനാവിലേക്ക് യഥാസമയം ഒടുക്കുക;

(ix) ഫിഷ് ലാന്റിംഗ് സെന്ററിന്റെ നടത്തിപ്പ്, പരിപാലനം, നിരീക്ഷണം എന്നിവ നിർവ്വഹിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ സൊസൈറ്റിയുടെ ധനസ്ഥിതിയുടെ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയോഗിക്കുക;

(x) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങളും ചുമതലകളും നിറവേറ്റുകയും ചെയ്യുക.

9. <u>ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ രൂപീകരണം</u>.—(1) ഓരോ മത്സ്യബന്ധന ഹാർബറിന്റെയും ശരിയായ നടത്തിപ്പിനും പരിപാലനത്തിനും നിരീക്ഷണത്തിനുമായി, സർക്കാരിന്, വിജ്ഞാപനത്താൽ ഓരോ ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിക്കാവുന്നതാണ്. അതിൽ താഴെപ്പറയുന്ന അംഗങ്ങളുണ്ടായിരിക്കേണ്ടതാണ്, അതായത്:—

| | | | |
|---|---|---|---|
| (i) | ജില്ലാ കളക്ടർ | - | ചെയർപേഴ്സൺ |
| (ii) | പ്രദേശത്തെ എം.എൽ.എ . | - | അംഗം |
| (iii) | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | - | അംഗം |
| (iv) | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ | - | മെമ്പർ സെക്രട്ടറി |
| (v) | മത്സ്യഫെഡ് ജില്ലാ മാനേജർ | - | അസിസ്റ്റന്റ് മെമ്പർ സെക്രട്ടറി |
| (vi) | മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയിൽ നിന്നുള്ള ഒരു പ്രതിനിധി | - | അംഗം |
| (vii) | അസിസ്റ്റന്റ് കമ്മീഷണർ (ഭക്ഷ്യ സുരക്ഷാ വകുപ്പ്) | - | അംഗം |
| (viii) | ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) | - | അംഗം |
| (ix) | എക്സിക്യൂട്ടീവ് എഞ്ചിനീയർ (കേരള ജല അതോറിറ്റി) | - | അംഗം |
| (x) | പ്രദേശത്തെ തെരഞ്ഞെടുക്കപ്പെട്ട ജില്ലാ പഞ്ചായത്ത് മെമ്പർമാർ/ വാർഡ് കൗൺസിലർമാർ എന്നിവരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ | - | അംഗം |
| (xi) | ഹാർബറിലെ അംഗീകൃത ട്രേഡ് യൂണിയനുകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ചിൽ അധികരിക്കാത്ത പ്രതിനിധികൾ | - | അംഗങ്ങൾ |
| (xii) | പ്രദേശത്തെ യന്ത്രവൽകൃത യാന ഉടമകളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി | - | അംഗം. |

(2) ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ ഭരണച്ചുമതലകളും മറ്റു കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിനും അതു സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും ആറിൽ കുറയാത്ത അംഗങ്ങളെ ഉൾപ്പെടുത്തി സർക്കാരിന് ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പിലെ (i) മുതൽ (v)വരെയും (vii)മുതൽ (ix) വരെയുമുള്ള ഇനങ്ങൾ പ്രകാരം ഔദ്യോഗികസ്ഥാനം വഹിക്കുന്നതു വഴി അംഗങ്ങളാകുന്നവരുടെ കാലാവധി അവർ അത്തരത്തിലുള്ള ഔദ്യോഗികസ്ഥാനം വഹിക്കുന്ന കാലത്തോളം ആയിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പിലെ (x)-ാം ഇനം പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗത്തിന്റെ കാലാവധി, അദ്ദേഹം അങ്ങനെയുള്ള സ്ഥാനത്ത് തുടരുന്ന കാലം വരെ ആയിരിക്കുന്നതാണ്.

(5) (1)-ാം ഉപവകുപ്പിലെ (vi)-ാം ഇനപ്രകാരമുള്ള പ്രതിനിധിയുടെയും (xi), (xii) എന്നീ ഇനങ്ങൾ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന പ്രതിനിധികളുടെയും കാലാവധി (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ അഞ്ച് വർഷത്തേക്കായിരിക്കുന്നതാണ്.

(6) (1)-ാം ഉപവകുപ്പിലെ (xi), (xii) എന്നീ ഇനങ്ങൾ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന അനൗദ്യോഗിക അംഗങ്ങൾക്ക്, സർക്കാരിന്, ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ തൽസ്ഥാനത്ത് തുടരാവുന്നതുമാണ്.

(7) നാമനിർദ്ദേശം ചെയ്യപ്പെടുന്ന അനൗദ്യോഗിക അംഗത്തിന്റെ ഇടക്കാല ഒഴിവോ ആകസ്മിക ഒഴിവോ അപ്രകാരമുള്ള ഒഴിവുണ്ടായി മൂന്നു മാസത്തിനകം നികത്തേണ്ടതും അപ്രകാരം പുതിയതായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു അംഗം, അദ്ദേഹം ആരുടെ സ്ഥാനത്തേക്കാണോ നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ അംഗത്തിന്റെ ശേഷിക്കുന്ന കാലയളവിലേക്ക് മാത്രം സ്ഥാനം വഹിക്കേണ്ടതുമാണ്.

(8) സർക്കാരിന്, നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതൊരംഗത്തേയും,—

(എ) അയാൾക്ക് ബുദ്ധിസ്ഥിരതയില്ലാത്തതായി അധികാരിതയുള്ള കോടതിയാൽ വിധിക്കപ്പെടുകയോ;

(ബി) അയാൾ ഒരു അവിമുക്ത നിർദ്ധനനായി അധികാരിതയുള്ള കോടതിയാൽ വിധിക്കപ്പെടുകയോ;

(സി) അയാൾക്ക് ശാരീരികമോ മാനസികമോ ആയ വൈകല്യത്താൽ അപ്രകാരം തുടരാൻ കഴിവില്ലാതെ വരികയോ;

(ഡി) സർക്കാരിന്റെ അഭിപ്രായത്തിൽ സദാചാര വിരുദ്ധമായതോ സാമ്പത്തിക ക്രമക്കേടുകൾ ഉൾപ്പെടെയുള്ളതോ ആയ കുറ്റകൃത്യത്തിനോ അയാൾ ശിക്ഷിക്കപ്പെടുകയോ

ചെയ്താൽ, അംഗത്വത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്.

10. ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും.— ഈ ആക്റ്റിന്റെ 9-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും താഴെപ്പറയും പ്രകാരമായിരിക്കുന്നതാണ്, അതായത്:—

(i) ഹാർബറിന്റെ അടിസ്ഥാന ഭൗതിക സൗകര്യ വികസന പ്രവർത്തനവും, മറ്റു പ്രവൃത്തികളും ആവിഷ്കരിക്കുക, പദ്ധതികൾ രൂപവൽക്കരിക്കുക, മേൽനോട്ടം വഹിക്കുക എന്നിവയിൽ ഏർപ്പെടുക;

(ii) ഹാർബറിൽ നടത്തപ്പെടുന്ന മത്സ്യലേലം, വില്പന, ഗുണനിലവാര പരിപാലനം എന്നിവ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണെന്ന് ഉറപ്പ് വരുത്തുക:

എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ സർക്കാർ അനുമതിയോടെ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിക്ക് ലേലം ഒഴിവാക്കിക്കൊണ്ട് മത്സ്യത്തിന്റെ ആദ്യവില്പനയും അനുബന്ധ പ്രവർത്തനങ്ങളും ഏറ്റെടുക്കാവുന്നതാണ്;

(iii) ബന്ധപ്പെട്ട എല്ലാ ആളുകൾക്കും ഈ ആക്റ്റിലെ വ്യവസ്ഥകളെക്കുറിച്ച് ബോധവൽക്കരണം നൽകുക;

(iv) ഹാർബറിനുള്ളിൽ മത്സ്യലേലത്തിലും വില്പനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിച്ചുകൊണ്ട് അതിൽ പങ്കെടുക്കുന്നവർ തമ്മിൽ തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ അവ പരിഹരിക്കുക;

(v) ഈ ആക്റ്റിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരെ സഹായിക്കുക;

(vi) സർക്കാർ, വിജ്ഞാപനത്താൽ നിശ്ചയിക്കുന്ന യൂസർ ഫീസ് ഉപയോക്താക്കളിൽ നിന്ന് ഈടാക്കാൻ ഏർപ്പാടാക്കുക;

(vii) ഈടാക്കുന്ന ലേല കമ്മീഷൻ 4-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പിൽ നിശ്ചയിച്ചിരിക്കുന്ന പ്രകാരം അനുപാതത്തിൽ വിഭജിച്ച് നൽകുക;

(viii) ലഭിക്കുന്ന യൂസർ ഫീസ്, ലേല കമ്മീഷൻ വിഹിതം എന്നിവ ഹാർബറിന്റെ വികസനത്തിനും നടത്തിപ്പിനും മറ്റു പ്രവർത്തനങ്ങൾക്കുമായി ചെലവഴിക്കുക;

(ix) ലഭിക്കുന്ന യൂസർ ഫീസിൽ നിന്നും നിർണ്ണയിക്കപ്പെടുന്ന നിരക്കിലുള്ള തുക സർക്കാർ വിഹിതമായി സർക്കാർ ഖജനാവിലേക്ക് യഥാസമയം ഒടുക്കുക;

(x) മത്സ്യത്തിന്റെ അടിസ്ഥാനവില നിശ്ചയിക്കുകയും മത്സ്യം സംഭരിക്കുകയും ചെയ്യുക;

(xi) ഹാർബറിന്റെ നടത്തിപ്പ്, പരിപാലനം, നിരീക്ഷണം എന്നിവ നിർവ്വഹിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ സൊസൈറ്റിയുടെ ധനസ്ഥിതിയുടെ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയോഗിക്കുക;

(xii) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുകയും ചെയ്യുക.

11. ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റിയുടെ രൂപീകരണം.—(1) പൊതു ഉടമസ്ഥതയിലോ പൊതു സ്വകാര്യപങ്കാളിത്തത്തിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലോ സ്വകാര്യമേഖലയിലോ സഹകരണമേഖലയിലോ പ്രവർത്തിക്കുന്ന ഓരോ ഫിഷ് മാർക്കറ്റിന്റെയും ശരിയായ നടത്തിപ്പിനും പരിപാലനത്തിനും നിരീക്ഷണത്തിനുമായി സർക്കാരിന്, വിജ്ഞാപനത്താൽ, ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിക്കാവുന്നതാണ്. അതിൽ താഴെപ്പറയുന്ന അംഗങ്ങളുണ്ടായിരിക്കേണ്ടതാണ്, അതായത്:—

| | | | |
|---|---|---|---|
| (i) | ആ പ്രദേശത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പാലിറ്റി ചെയർമാൻ/ മുനിസിപ്പൽ കോർപ്പറേഷൻ ഡിവിഷൻ മെമ്പർ | - | ചെയർപേഴ്സൺ |
| (ii) | പ്രദേശം അധികാര പരിധിയിൽ വരുന്ന മത്സ്യഭവന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ | - | മെമ്പർ സെക്രട്ടറി |
| (iii) | പ്രദേശം അധികാരപരിധിയിൽ വരുന്ന ഭക്ഷ്യ സുരക്ഷാ ഓഫീസർ | - | അംഗം |

| | | | |
|---|---|---|---|
| (iv) | മത്സ്യഫെഡ് പ്രോജക്ട് ഓഫീസർ | - | അംഗം |
| (v) | ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ/ മുനിസിപ്പാലിറ്റി ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (മുനിസിപ്പൽ കോർപ്പറേഷന് ബാധകമല്ല) | - | അംഗം |
| (vi) | ഫിഷ് മാർക്കറ്റ് സ്ഥിതി ചെയ്യുന്ന ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി വാർഡിലെ മെമ്പർ (മുനിസിപ്പൽ കോർപ്പറേഷന് ബാധകമല്ല) | - | അംഗം |
| (vii) | മത്സ്യ അനുബന്ധത്തൊഴിലാളികളുടെ അംഗീകൃത ട്രേഡ് യൂണിയനുകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പ്രതിനിധികൾ | - | അംഗങ്ങൾ |
| (viii) | മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി | - | അംഗം. |

(2) (1)-ാം ഉപവകുപ്പിലെ (i), (ii), (iii), (iv), (v) എന്നീ ഇനങ്ങൾ പ്രകാരം ഔദ്യോഗികസ്ഥാനം വഹിക്കുന്നതു വഴി അംഗങ്ങളാകുന്നവരുടെ കാലാവധി, അവർ അതത് പ്രദേശത്ത് അത്തരത്തിലുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്ന കാലത്തോളം ആയിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പിലെ (vi) ഇനം പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി ആയ അംഗത്തിന്റെ കാലാവധി, അദ്ദേഹം അങ്ങനെയുള്ള സ്ഥാനത്ത് തുടരുന്ന കാലം വരെ ആയിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പിലെ (vii)-ാം ഇനം പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന പ്രതിനിധികളുടെ കാലാവധി, (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കപ്പെടുന്ന തീയതി മുതൽ അഞ്ച് വർഷമായിരിക്കുന്നതാണ്.

(5) (1)-ാം ഉപവകുപ്പിലെ (viii)-ാം ഇനം പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗത്തിന്റെ കാലാവധി (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ അഞ്ചു വർഷത്തേക്കോ അദ്ദേഹം മത്സ്യത്തൊഴിലാളി സഹകരണ സംഘം പ്രസിഡന്റ് അല്ലാതായിത്തീരുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ആയിരിക്കുന്നതാണ്.

(6) (1)-ാം ഉപവകുപ്പിലെ (vii)-ാം ഇനം പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട അനൗദ്യോഗിക അംഗങ്ങൾക്ക്, സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും, എന്നാൽ സർക്കാർ രാജി സ്വീകരിക്കുന്നതുവരെ തൽസ്ഥാനത്ത് തുടരാവുന്നതുമാണ്.

(7) നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു അനൗദ്യോഗിക അംഗത്തിന്റെ ഇടക്കാല ഒഴിവോ ആകസ്മിക ഒഴിവോ അപ്രകാരമുള്ള ഒഴിവുണ്ടായ തീയതി മുതൽ മൂന്ന് മാസത്തിനകം നികത്തേണ്ടതും അപ്രകാരം പുതിയതായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗത്തിന്റെ കാലാവധി സ്ഥാനം ഒഴിഞ്ഞ അംഗത്തിന്റെ ശേഷിക്കുന്ന കാലയളവിലേയ്ക്ക് മാത്രമായിരിക്കുന്നതുമാണ്.

(8) സർക്കാരിന്, നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതൊരംഗത്തേയും,—

(എ) അയാൾക്ക് ബുദ്ധിസ്ഥിരതയില്ലാത്തതായി അധികാരിതയുള്ള കോടതിയാൽ വിധിക്കപ്പെടുകയോ;

(ബി) അയാൾ ഒരു അവിമുക്ത നിർദ്ധനനായി അധികാരിതയുള്ള കോടതിയാൽ വിധിക്കപ്പെടുകയോ;

(സി) അയാൾക്ക് ശാരീരികമോ മാനസികമോ ആയ വൈകല്യത്താൽ അപ്രകാരം തുടരാൻ കഴിവില്ലാതെ വരികയോ;

(ഡി) സർക്കാരിന്റെ അഭിപ്രായത്തിൽ സദാചാര വിരുദ്ധമായതോ സാമ്പത്തിക ക്രമക്കേടുകൾ ഉൾപ്പെടെയുള്ളതോ ആയ കുറ്റകൃത്യത്തിനോ അയാൾ ശിക്ഷിക്കപ്പെടുകയോ

ചെയ്താൽ, അംഗത്വത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്.

12. ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും.—ഈ ആക്റ്റിലെ 11-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും താഴെപ്പറയും പ്രകാരമായിരിക്കുന്നതാണ്, അതായത്:—

(i) മാർക്കറ്റിന്റെ അടിസ്ഥാന ഭൗതിക സൗകര്യ വികസന പ്രവർത്തനവും മറ്റു പ്രവൃത്തികളും ആവിഷ്കരിക്കൽ, പദ്ധതികൾ രൂപവത്കരിക്കൽ, മേൽനോട്ടം വഹിക്കൽ എന്നിവയിൽ ഏർപ്പെടുക;

(ii) മത്സ്യലേലം, വിൽപ്പന, ഗുണനിലവാര പരിപാലനം എന്നിവ ഈ ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണെന്ന് ഉറപ്പ് വരുത്തുക;

(iii) ബന്ധപ്പെട്ട എല്ലാ ആളുകൾക്കും ഈ ആക്ടിലെ വ്യവസ്ഥകളെക്കുറിച്ച് ബോധവത്കരണം നൽകുക;

(iv) മാർക്കറ്റിൽ മത്സ്യലേലത്തിലും വിൽപ്പനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിച്ചു കൊണ്ട് അതിൽ പങ്കെടുക്കുന്നവർ തമ്മിൽ തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ അവ പരിഹരിക്കുക;

(v) ഈ ആക്ടിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരെ സഹായിക്കുക;

(vi) ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ നിശ്ചയിക്കുന്ന യൂസർ ഫീസ് ഉപയോക്താക്കളിൽ നിന്നും ഈടാക്കാൻ ഏർപ്പാടാക്കുക; ഇപ്രകാരം ഈടാക്കുന്ന തുകയിൽ നിന്നും നിർണ്ണയിക്കപ്പെടുന്ന നിരക്കിലുള്ള തുക ഫിഷ് മാർക്കറ്റ് സ്ഥിതിചെയ്യുന്ന സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് യഥാസമയം ഒടുക്കുക;

(vii) ലഭിക്കുന്ന യൂസർ ഫീസ് മാർക്കറ്റിന്റെ വികസനത്തിനും നടത്തിപ്പിനും മറ്റു പ്രവർത്തനങ്ങൾക്കുമായി ചെലവഴിക്കുക;

(viii) മാർക്കറ്റിന്റെ നടത്തിപ്പ്, പരിപാലനം, നിരീക്ഷണം എന്നിവ നിർവ്വഹിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ സൊസൈറ്റിയുടെ ധനസ്ഥിതിയുടെ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയോഗിക്കുക;

(ix) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും കടമകളും ചുമതലകളും നിറവേറ്റുകയും,

ചെയ്യുക.

13. <u>ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണകേന്ദ്രം, സംസ്കരണകേന്ദ്രം, പരിവഹന സൗകര്യം എന്നിവ വ്യവസ്ഥപ്പെടുത്തൽ</u>.— (1) ഈ ആക്ടിലെ 14-ാം വകുപ്പ് പ്രകാരം അനുമതിപത്രം നേടാത്ത ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണകേന്ദ്രം, സംസ്കരണകേന്ദ്രം, പരിവഹന സൗകര്യം എന്നിവ സംസ്ഥാനത്ത് പ്രവർത്തിക്കുവാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നിരോധനം ലംഘിക്കുന്ന ഏതൊരാളും ഈ ആക്റ്റിലെ 29-ാം വകുപ്പ് പ്രകാരമുള്ള ശിക്ഷാനടപടികൾക്ക് വിധേയനാകുന്നതാണ്.

(3) ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന എല്ലാ ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണകേന്ദ്രം, സംസ്കരണകേന്ദ്രം, പരിവഹന സൗകര്യം എന്നിവ 2022 ജൂൺ 30-ാം തീയതിയ്ക്കകം 14-ാം വകുപ്പ് പ്രകാരമുള്ള അനുമതിപത്രം നേടിയിരിക്കേണ്ടതാണ്.

14. <u>ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണകേന്ദ്രം, സംസ്കരണകേന്ദ്രം, പരിവഹന സൗകര്യം എന്നിവയ്ക്കുള്ള അനുമതിപത്രം.</u>—(1) ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണകേന്ദ്രം, സംസ്കരണകേന്ദ്രം, പരിവഹന സൗകര്യം എന്നിവ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതിപത്രം ലഭിക്കുന്നതിനായി ഒരാൾ ആ പ്രദേശത്തെ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ നിർണ്ണയിക്കപ്പെട്ട പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ നിർണ്ണയിക്കപ്പെട്ട പ്രകാരത്തിലും അങ്ങനെയുള്ള ഫാറത്തിലും അപ്രകാരമുള്ള ഫീസ് ഒടുക്കിയും ആയിരിക്കേണ്ടതാണ് .

(3) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ (1)-ാം ഉപവകുപ്പ് പ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ അന്വേഷണം നടത്തിയോ നടത്തിപ്പിച്ചോ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള യോഗ്യതയുടെ അടിസ്ഥാനത്തിൽ അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ അനുമതിപത്രം അനുവദിക്കുകയോ അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്.

(4) അനുമതിപത്രം അനുവദിക്കുന്നതിലേക്ക് അപേക്ഷകൻ നിർണ്ണയിക്കപ്പെട്ട തുകയ്ക്കുള്ള സെക്യൂരിറ്റി നിക്ഷേപം നിർണ്ണയിക്കപ്പെടുന്ന പ്രകാരം ഒടുക്കേണ്ടതാണ്.

(5) അപേക്ഷ നിരസിക്കുകയാണെങ്കിൽ പ്രസ്തുത വിവരം ആയതിനുള്ള കാരണം സഹിതം അപേക്ഷ സ്വീകരിച്ച് മുപ്പത് ദിവസത്തിനകം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

(6) റദ്ദാക്കപ്പെടുകയോ തടഞ്ഞു വയ്ക്കപ്പെടുകയോ ചെയ്യാത്തപക്ഷം ഈ വകുപ്പ് പ്രകാരം അനുവദിച്ച അനുമതിപത്രത്തിന് മൂന്നു വർഷം വരെ സാധുതയുണ്ടായിരിക്കുന്നതാണ്.

(7) (3)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച ഒരു അനുമതിപത്രം കാലാവധി അവസാനിക്കുന്നതിനുമുമ്പായി ഒരു പുതിയ അനുമതിപത്രം നേടുന്നതിനായി അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് ഒടുക്കിക്കൊണ്ടും പുതുക്കാവുന്നതാണ്.

15. <u>മത്സ്യ ഗുണനിലവാര പരിപാലനം വ്യവസ്ഥപ്പെടുത്തൽ.</u>—(1) മത്സ്യം കൈകാര്യം ചെയ്യുന്ന ഫിഷ് ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ്, കടമുറി, ബൂത്ത്, കച്ചവടകേന്ദ്രം, ചിൽഡ് സ്റ്റോറേജ്, ഐസ് പ്ലാന്റ്, പൂർവ്വ സംസ്കരണകേന്ദ്രം, സംസ്കരണകേന്ദ്രം, പരിവഹന സൗകര്യം, കണ്ടെയ്നർ എന്നിവയുടെ ഉടമസ്ഥർ അല്ലെങ്കിൽ കൈവശക്കാർ, മത്സ്യ ഗുണനിലവാര പരിപാലനം, ശുചിത്വം എന്നിവയ്ക്കായി, സർക്കാർ, വിജ്ഞാപനത്താൽ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ, ആയതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്ന തരത്തിൽ യാതൊരാളും യാതൊരു പ്രവൃത്തിയിലും ഏർപ്പെടാൻ പാടില്ലാത്തതാണ്.

(3) യാതൊരാളും സ്വമേധയാലോ മറ്റൊരാളുടെ പ്രേരണയാലോ രാസ/വിഷ വസ്തുക്കൾ ചേർത്ത് മത്സ്യം ഭക്ഷ്യയോഗ്യമല്ലാതാക്കുകയോ ഗുണനിലവാരമില്ലാതാക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വ്യവസ്ഥകളും മാനദണ്ഡങ്ങളും പാലിക്കാതെ മത്സ്യത്തിന്റെ ലേലം, വിപണനം, പരിവഹനം, വിതരണം എന്നിവയിൽ യാതൊരാളും ഏർപ്പെടാൻ പാടില്ലാത്തതാകുന്നു.

(5) ഈ വകുപ്പിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും ഈ ആക്റ്റിലെ 30-ാം വകുപ്പ് പ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയനാകുന്നതാണ്.

16. <u>സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റിയുടെ രൂപീകരണം.</u>—ഈ ആക്റ്റിലെ വ്യവസ്ഥകൾ ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാരിന്, ഒരു സംസ്ഥാനതല മത്സ്യഗുണനിലവാര പരിപാലന കമ്മിറ്റി, വിജ്ഞാപനത്താൽ, രൂപീകരിക്കാവുന്നതും ആയതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതുമാണ്, അതായത്:—

(i) ഫിഷറീസ് ഡയറക്ടർ - ചെയർപേഴ്സൺ

(ii) ഭക്ഷ്യസുരക്ഷാ കമ്മീഷണർ - അംഗം

(iii) ആരോഗ്യ വകുപ്പ് ഡയറക്ടർ - അംഗം

(iv) പഞ്ചായത്ത് വകുപ്പ് ഡയറക്ടർ - അംഗം

(v) ചീഫ് ഗവണ്മെന്റ് അനലിസ്റ്റ് - അംഗം

(vi) സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു പ്രതിനിധി - അംഗം

(vii) ഫിഷറീസ് ജോയിന്റ് ഡയറക്ടർ - മെമ്പർ സെക്രട്ടറി

17. <u>സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും.</u>— 16-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് ആവശ്യമായ സാങ്കേതിക ഉപദേശവും ശിപാർശയും നൽകുക;

(ii) മത്സ്യ ഉപഭോക്താക്കൾക്ക് ഗുണനിലവാരത്തെക്കുറിച്ച് ബോധവത്കരണം നൽകുക;

(iii) മത്സ്യബന്ധനം നടത്തി ലഭിക്കുന്ന മത്സ്യത്തിന് വേണ്ടി സർട്ടിഫിക്കറ്റ് നൽകുന്നതിലേക്കായി വിജ്ഞാപനം ചെയ്യപ്പെട്ട ഉദ്യോഗസ്ഥർക്ക് സാങ്കേതിക സഹായം നൽകുക;

(iv) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള പരിശോധനകൾ നടത്തുന്നതിന് ലബോറട്ടറികൾക്ക് അംഗീകാരം നൽകുക;

(v) മത്സ്യബന്ധനം നടത്തി ലഭിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തുക;

(vi) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക.

18. ഇനം, വലിപ്പം എന്നിവ അടിസ്ഥാനമാക്കി മത്സ്യത്തിന്റെ ലേലം, വിപണനം മുതലായവ നിയന്ത്രിക്കൽ.—(1) പ്രത്യേക ഇനത്തിലോ പ്രത്യേക വലിപ്പത്തിലോ ഉള്ള മത്സ്യത്തിന്റെ ലേലം, വിപണനം, പരിവഹനം, വിതരണം എന്നിവയ്ക്കുള്ള നിയന്ത്രണമോ നിരോധനമോ സർക്കാരിന്, വിജ്ഞാപനത്തിലൂടെ ഏർപ്പെടുത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണമോ നിരോധനമോ ലംഘിക്കുന്ന ഏതൊരാളും ഈ ആക്റ്റിലെ 29-ാം വകുപ്പ് പ്രകാരമുള്ള ശിക്ഷാനടപടികൾക്ക് വിധേയനാകുന്നതാണ്.

19. മത്സ്യത്തിന്റെ സംഭരണവും അടിസ്ഥാനവില നിശ്ചയിക്കലും.— (1) മത്സ്യത്തിന്റെ അടിസ്ഥാനവില കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെട്ട പ്രകാരം നിശ്ചയിക്കുവാൻ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടുവരുന്ന മത്സ്യം അവർക്ക് താൽപര്യമുള്ളപക്ഷം, അവർ അംഗങ്ങളായ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ മുഖേന (1)-ാം ഉപവകുപ്പ് പ്രകാരം നിശ്ചയിക്കുന്ന അടിസ്ഥാനവില നൽകി നിർണ്ണയിക്കപ്പെട്ട പ്രകാരം സംഭരിക്കാവുന്നതാണ്. ഇതിന് ആവശ്യമായ സംഭരണ സൗകര്യങ്ങൾ നിർണ്ണയിക്കപ്പെട്ട പ്രകാരം ആയിരിക്കേണ്ടതാണ്.

20. മത്സ്യബന്ധനം നടത്തി സ്വായത്തമാക്കിയ മത്സ്യത്തിന്റെ സാക്ഷ്യപ്പെടുത്തൽ.—

(1) മത്സ്യം കയറ്റുമതി ചെയ്യുന്നതിന് ആവശ്യമുള്ള പക്ഷം, നിർണ്ണയിക്കപ്പെട്ട പ്രകാരത്തിലുള്ള സാക്ഷ്യപത്രം നേടാൻ യാന ഉടമയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സാക്ഷ്യപത്രം, സർക്കാർ വിജ്ഞാപനത്തിലൂടെ അധികാരപ്പെടുത്തുന്ന ഫിഷറീസ് വകുപ്പിലെ ഫിഷറീസ് എക്സ്റ്റൻഷൻ ആഫീസറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ, നിർണ്ണയിക്കപ്പെടാവുന്ന നടപടിക്രമങ്ങൾ പാലിച്ച് നൽകേണ്ടതാണ്.

21. മത്സ്യത്തിന്റെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തൽ.—

(1) നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അപേക്ഷ സമർപ്പിക്കുമ്പോൾ, ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പു വരുത്തുന്നതിനും ഉപഭോക്താക്കളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും വേണ്ടി മത്സ്യത്തിന്റെ ഗുണനിലവാര സാക്ഷ്യപത്രം നേടാൻ ഉൽപ്പാദകന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സാക്ഷ്യപത്രം നേടുന്നതിന് മത്സ്യത്തിനുണ്ടായിരിക്കേണ്ട ഗുണനിലവാരം, 16-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റി പ്രത്യേകമായി നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(3) സർക്കാർ വിജ്ഞാപനത്താൽ അധികാരപ്പെടുത്തുന്ന ഫിഷറീസ് വകുപ്പിലെ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സാക്ഷ്യപത്രം നിർണ്ണയിക്കപ്പെടാവുന്ന നടപടിക്രമങ്ങൾ പാലിച്ച് നൽകേണ്ടതാണ്.

22. <u>അനുമതിപത്രുമുടമയുടെ റിട്ടേൺ സമർപ്പിക്കൽ.</u>—(1) ഐസ് പ്ലാന്റ്, പൂർവ്വ സംസ്കരണകേന്ദ്രം, സംസ്കരണകേന്ദ്രം എന്നിവയുടെ അനുമതിപത്രം നേടിയ ഉടമസ്ഥൻ അല്ലെങ്കിൽ കൈവശക്കാരൻ, ഫിഷ് ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവിടങ്ങളിലെ അനുമതിപത്രം നേടിയ ലേലക്കാരൻ എന്നിവർ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ഒരു റിട്ടേൺ നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്.

(2) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ റിട്ടേണുകൾ പരിശോധിച്ച് അവയുടെ കൃത്യതയും വ്യക്തതയും ഉറപ്പുവരുത്തേണ്ടതാണ്.

(3) റിട്ടേണുകളുടെ കൃത്യത ഉറപ്പാക്കുന്നതിനുവേണ്ടി അനുമതിപത്രം ലഭിച്ചിട്ടുള്ള ആളിനോട് അതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുവാൻ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് ആവശ്യപ്പെടാവുന്നതാണ്.

(4) റിട്ടേണുകളുടെ കൃത്യത ഉറപ്പാക്കുന്നതിനുവേണ്ടി, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന രേഖകൾ ഹാജരാക്കുന്നതിനുള്ള ഉത്തരവാദിത്തം അനുമതിപത്രം നേടിയ ആളിനുണ്ടായിരിക്കുന്നതാണ്.

(5) ഈ വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും ഈ ആക്റ്റിലെ 29-ാം വകുപ്പ് പ്രകാരമുള്ള ശിക്ഷാനടപടികൾക്ക് വിധേയനാകുന്നതാണ്.

23. <u>അനുമതിപത്രം റദ്ദാക്കൽ, തടഞ്ഞു വയ്ക്കൽ, ഭേദഗതി ചെയ്യൽ.</u>—5, 14 എന്നീ വകുപ്പുകൾ പ്രകാരം അനുവദിച്ച അനുമതിപത്രം തെറ്റായ വിവരങ്ങൾ നൽകി നേടിയതാണെങ്കിലോ അനുമതിപത്രം നേടിയ ആൾ ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകളോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ പുറപ്പെടുവിച്ച വിജ്ഞാപനമോ ഉത്തരവുകളോ ലംഘിച്ചിട്ടുണ്ടെങ്കിലോ, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് അങ്ങനെയുള്ള അനുമതിപത്രം റദ്ദാക്കുന്നതിനോ, തടഞ്ഞുവയ്ക്കുന്നതിനോ, ഭേദഗതി ചെയ്യുന്നതിനോ ഒടുക്കിയ സെക്യൂരിറ്റി തുക പൂർണ്ണമായോ ഭാഗികമായോ വസൂലാക്കുന്നതിനോ അധികാരം ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, അപ്രകാരം നടപടി സ്വീകരിക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട വ്യക്തിക്ക് അല്ലെങ്കിൽ ഉടമയ്ക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അനുമതിപത്രം റദ്ദാക്കുവാനോ, തടഞ്ഞുവയ്ക്കുവാനോ, ഭേദഗതി ചെയ്യുവാനോ സെക്യൂരിറ്റി തുക പൂർണ്ണമായോ ഭാഗികമായോ വസൂലാക്കുവാനോ പാടുള്ളതല്ല.

24. <u>അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും</u>.— ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുമായി അതത് പ്രദേശത്ത് അധികാരിതയുള്ള മത്സ്യബന്ധന വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനായി സർക്കാരിന്, വിജ്ഞാപനത്താൽ അധികാരപ്പെടുത്താവുന്നതാണ്.

25. <u>പരിശോധന, പിടിച്ചെടുക്കൽ, തീർപ്പാക്കൽ എന്നിവയ്ക്കുള്ള അധികാരം</u>.—

(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി, ഫിഷറീസ് വകുപ്പിലെ ഫിഷറീസ് ആഫീസർ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥരെ പരിശോധനാ ഉദ്യോഗസ്ഥരായി സർക്കാരിന് അധികാരപ്പെടുത്താവുന്നതാണ്.

(2) ഈ ആക്റ്റിലെ 13, 18 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതായോ, കൈകാര്യം ചെയ്യപ്പെടുന്ന മത്സ്യം ചീഞ്ഞതാണെന്നോ രോഗാണുക്കളടങ്ങിയതാണെന്നോ രാസ/വിഷവസ്തു ചേർത്തതാണെന്നോ ഗുണനിലവാരം കുറഞ്ഞതാണെന്നോ ബോധ്യപ്പെടുന്ന പക്ഷം, ഏതൊരു യാനം, ഫിഷ് ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ്, കടമുറി, ബൂത്ത്, ചിൽഡ് സ്റ്റോറേജ്, ഐസ് പ്ലാന്റ്, പൂർവ്വ സംസ്കരണകേന്ദ്രം, സംസ്കരണകേന്ദ്രം, മത്സ്യ പരിവഹന സൗകര്യം, കണ്ടെയ്നർ എന്നിവയും അതുമായി ബന്ധപ്പെട്ട വസ്തുക്കളും പരിശോധിക്കുന്നതിനുള്ള അധികാരം പരിശോധനാ ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം പരിശോധന നടത്തിയ ഇടങ്ങൾ ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ചല്ല പ്രവർത്തിക്കുന്നതെങ്കിൽ, ആയത് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ നിർത്തിവയ്ക്കുന്നതിനും അടച്ചുപൂട്ടുന്നതിനും ബന്ധപ്പെട്ട വ്യക്തിക്ക് അല്ലെങ്കിൽ സ്ഥാപനത്തിന് പരിശോധനാ ഉദ്യോഗസ്ഥൻ നിർദ്ദേശം നൽകേണ്ടതാണ്.

(4) ചീഞ്ഞതോ രോഗാണുക്കളടങ്ങിയതോ രാസ/വിഷവസ്തു ചേർത്തതോ, താഴ്ന്ന നിലവാരത്തിലുള്ളതോ ആയ മത്സ്യം പരിശോധനയിൽ കണ്ടെത്തിയാൽ, ആയത് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പിടിച്ചെടുക്കുന്നതിനും നശിപ്പിക്കുന്നതിനും പരിശോധനാ ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ പിടിച്ചെടുത്തതിന്റെ/ നശിപ്പിച്ചതിന്റെ കാരണം ബന്ധപ്പെട്ട വ്യക്തിക്ക് അല്ലെങ്കിൽ സ്ഥാപനത്തിന് രേഖാമൂലം നൽകേണ്ടതാണ്.

(5) (3)-ഉം (4)-ഉം ഉപവകുപ്പുകൾ പ്രകാരം നടപടിയെടുത്ത ശേഷം പരിശോധനാ ഉദ്യോഗസ്ഥൻ ആയതിന്റെ വിശദവിവരങ്ങൾ ന്യായനിർണ്ണയ ഓഫീസർക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

26. <u>ന്യായനിർണ്ണയം</u>.—(1) ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുമായി ആ ജില്ലയിൽ അധികാരിതയുള്ള, മത്സ്യബന്ധന വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ ന്യായനിർണ്ണയ ഉദ്യോഗസ്ഥൻ ആയി, സർക്കാരിന്, വിജ്ഞാപനത്താൽ അധികാരപ്പെടുത്താവുന്നതാണ്.

(2) 25-ാം വകുപ്പിലെ (5)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു റിപ്പോർട്ട് പരിശോധനാ ഉദ്യോഗസ്ഥനിൽ നിന്നും ന്യായനിർണ്ണയ ഉദ്യോഗസ്ഥന് ലഭിച്ചാൽ, പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും നൽകിയതിന് ശേഷം റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങളെപ്പറ്റി, ആവശ്യമെങ്കിൽ, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ന്യായനിർണ്ണയ ഉദ്യോഗസ്ഥൻ ഒരു അന്വേഷണം നടത്തേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള നടപടിയെ തുടർന്ന് ഒരു വ്യക്തി 13-ാം വകുപ്പിലേയോ, 18-ാം വകുപ്പിലേയോ വ്യവസ്ഥകൾ ലംഘിച്ചുവെന്നോ, കൈകാര്യം ചെയ്ത മത്സ്യം ചീഞ്ഞതാണെന്നോ, രോഗാണുക്കൾ അടങ്ങിയതാണെന്നോ, രാസ/വിഷവസ്തു ചേർത്തതാണെന്നോ, ഗുണനിലവാരം കുറഞ്ഞതാണെന്നോ ന്യായനിർണ്ണയ ഉദ്യോഗസ്ഥന് ബോദ്ധ്യമാകുന്ന പക്ഷം, ആ വ്യക്തിയെ ഈ ആക്റ്റിലെ 29-ാം വകുപ്പ് പ്രകാരമുള്ള പിഴയ്ക്കും നടപടിയ്ക്കും വിധേയനാക്കേണ്ടതാണ്.

27. <u>അപ്പീൽ</u>.—(1) ന്യായനിർണ്ണയ ഉദ്യോഗസ്ഥന്റെ തീരുമാനത്താൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ആ തീരുമാനത്തിന്റെ തീയതി മുതൽ മുപ്പത് ദിവസത്തിനകം ആ സ്ഥലത്തെ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. അതിന്മേൽ അപ്പീൽ അധികാരി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിച്ച തീരുമാനത്തിനെ തിരായി അപ്പീൽ സമർപ്പിക്കുമ്പോൾ അപ്പീൽ അപേക്ഷകൻ പിഴത്തുക പൂർണ്ണമായും കെട്ടിവയ്ക്കേണ്ടതും അല്ലാത്തപക്ഷം അപ്പീൽ അധികാരി അപ്പീൽ സ്വീകരിക്കാൻ പാടില്ലാത്തതുമാകുന്നു.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീൽ സ്വീകരിച്ചു കഴിഞ്ഞാൽ അപ്പീൽ അധികാരി ഇക്കാര്യത്തിൽ ഒരു അന്വേഷണം നടത്തി അപ്പീൽ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം അത് അന്തിമമായി തീർപ്പാക്കേണ്ടതാണ്.

(4) അങ്ങനെയുള്ള അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതുവരെ ന്യായ നിർണ്ണയ ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ച തീരുമാനത്തെ തുടർന്നുള്ള നടപടികൾ അപ്പീൽ അധികാരിക്ക് നിർത്തിവയ്ക്കാവുന്നതാണ്.

28. ഈ ആക്റ്റ് പ്രകാരം അന്വേഷണം നടത്തുന്നതിന് ന്യായനിർണ്ണയ ഉദ്യോഗസ്ഥനും അപ്പീൽ അധികാരിക്കുമുള്ള അധികാരം.— (1) ഈ ആക്റ്റിൻ കീഴിലെ അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, ന്യായനിർണ്ണയ ഉദ്യോഗസ്ഥൻ, അപ്പീൽ അധികാരി എന്നിവർക്ക് 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളെയും വിളിച്ചു വരുത്തുകയും സത്യപ്രതിജ്ഞയിന്മേൽ അയാളെ വിസ്തരിക്കുകയും ചെയ്യുക;

(ബി) ഏതെങ്കിലും രേഖ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുക;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുക;

(ഡി) ഏതെങ്കിലും കോടതിയിൽ നിന്നോ ഓഫീസിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുക;

(ഇ) സാക്ഷികളെ വിസ്തരിക്കുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും.

(2) ന്യായനിർണ്ണയ ഉദ്യോഗസ്ഥനോ അപ്പീൽ അധികാരിയോ ഈ ആക്റ്റ് പ്രകാരം വിനിയോഗിക്കുന്ന അധികാരങ്ങൾ സിവിൽ കോടതിക്ക് തുല്യമായി കരുതേണ്ടതും, ആയത് 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 345, 346 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയവുമായിരിക്കും.

29. പിഴശിക്ഷ.— (1) ഈ ആക്റ്റിലെ 13, 18, 22 എന്നീ വകുപ്പുകളിലെ ഏതെങ്കിലും വ്യവസ്ഥകളോ അനുമതിപത്രത്തിലെ ഏതെങ്കിലും നിബന്ധനകളോ ലംഘിക്കുന്നവർക്കെതിരെയും ചീഞ്ഞതോ, രോഗാണുക്കൾ അടങ്ങിയതോ, രാസ/വിഷവസ്തുക്കൾ ചേർത്തതോ, ഗുണനിലവാരം കുറഞ്ഞതോ ആയ മത്സ്യം കൈകാര്യം ചെയ്യുന്നവർക്കെതിരെയും, അയാൾ കുറ്റക്കാരനാണെന്ന് കണ്ടെത്തുന്ന പക്ഷം ന്യായനിർണ്ണയ ഉദ്യോഗസ്ഥന് താഴെപ്പറയുന്ന തുകയിൽ അധികരിക്കാത്ത തുക പിഴശിക്ഷയായി ചുമത്താവുന്നതാണ്, അതായത്:—

(എ) ആദ്യ പ്രാവശ്യത്തെ ഏതെങ്കിലും നിയമ ലംഘനത്തിനു പതിനായിരം രൂപ;

(ബി) രണ്ടാമത്തെ പ്രാവശ്യത്തെ ഏതെങ്കിലും നിയമലംഘനത്തിനു ഇരുപത്തി അയ്യായിരം രൂപ;

(സി) മൂന്നും അതിൽ കൂടുതലും പ്രാവശ്യത്തെ ഏതെങ്കിലും നിയമ ലംഘനത്തിനു ഒരു ലക്ഷം രൂപ.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പിഴശിക്ഷയ്ക്ക് പുറമെ ന്യായനിർണ്ണയ ഉദ്യോഗസ്ഥന്, അനുമതിപത്രം തടഞ്ഞുവയ്ക്കുകയോ റദ്ദുചെയ്യുകയോ ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റിൻ കീഴിൽ ചുമത്തപ്പെട്ട ഏതൊരു പിഴത്തുകയും അത് ഭൂമിയിന്മേലുള്ള പൊതു നികുതി കുടിശ്ശിക ആയിരുന്നെങ്കിലെന്നപോലെ ഈടാക്കാവുന്നതാണ്.

30. <u>കുറ്റകൃത്യത്തിനുള്ള വിചാരണ</u>.— (1) ഈ ആക്റ്റിലെ 4, 6, 15 എന്നീ വകുപ്പുകളോ അവയുടെ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളോ ലംഘിക്കുന്നവർക്കെതിരെ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ വിചാരണ നടത്തേണ്ടതാണ്.

(2) ഈ ആക്റ്റിലെ 4, 6, 15 എന്നീ വകുപ്പുകളിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്നയാൾ, അയാൾ കുറ്റക്കാരനാണെന്ന് കണ്ടെത്തുന്ന പക്ഷം താഴെപ്പറയുന്നതിൽ അധികരിക്കാത്ത ശിക്ഷയ്ക്ക് അർഹനായിരിക്കുന്നതാണ്, അതായത്:—

(എ) ആദ്യത്തെ പ്രാവശ്യത്തെ ഏതെങ്കിലും ഒന്നോ അതിലധികമോ കുറ്റകൃത്യത്തിന് രണ്ടുമാസം തടവോ ഒരു ലക്ഷം രൂപയോ ഇവ രണ്ടും കൂടിയോ;

(ബി) രണ്ടാമത്തെ പ്രാവശ്യത്തെ ഏതെങ്കിലും ഒന്നോ അതിലധികമോ കുറ്റകൃത്യത്തിന് ഒരു വർഷം തടവോ മൂന്ന് ലക്ഷം രൂപയോ ഇവ രണ്ടും കൂടിയോ;

(സി) രണ്ടിൽ കൂടുതൽ തവണ ഏതെങ്കിലും ഒന്നോ അതിലധികമോ കുറ്റകൃത്യം ചെയ്താൽ ഒരു വർഷം തടവോ അഞ്ചു ലക്ഷം രൂപയോ ഇവ രണ്ടും കൂടിയോ;

(ഡി) ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളുടെയോ വിജ്ഞാപനങ്ങളുടെയോ ഉത്തരവുകളുടെയോ ലംഘനം നടത്തിയവർക്കെതിരെയോ, ലംഘനം നടത്താൻ ശ്രമിക്കുന്നവർക്കെതിരെയോ അവർക്ക് ലഭിച്ചേക്കാവുന്ന മറ്റു

പിഴകളെക്കുറിച്ചുള്ള മുൻവിധിയില്ലാതെ, കുറ്റം തെളിയിക്കപ്പെടുന്ന പക്ഷം ശിക്ഷ നടപ്പിലാക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ശിക്ഷയ്ക്കു പുറമേ, യോഗ്യതയുണ്ടെന്ന് കണ്ടെത്തുന്നതുവരെ നൽകപ്പെട്ട അനുമതിപത്രം തടഞ്ഞുവയ്ക്കുകയോ റദ്ദ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

(4) ഈ ആക്ടിലെയോ അതിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകളോ അതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഏതെങ്കിലും വിജ്ഞാപനമോ ഉത്തരവോ ലംഘിക്കുന്നത്, ഒരു സംഘടനയോ, ഒരു സഹകരണ സംഘമോ, ഒരു കോർപ്പറേഷനോ, ഒരു ബോഡി കോർപ്പറേറ്റോ ആണെങ്കിൽ അവയുടെ ഡയറക്ടറോ, മാനേജരോ, ഓഫീസറോ, ഏജന്റോ, ആരു തന്നെയായാലും, കുറ്റകൃത്യ നിർവ്വഹണവേളയിൽ ആ സ്ഥാനം വഹിച്ചിരുന്ന വ്യക്തി അങ്ങനെയുള്ള നിയമലംഘനം നടത്തിയതായി കരുതപ്പെടേണ്ടതാണ്.

(5) ഈ ആക്ടിലെ വ്യവസ്ഥകളോ അതിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളോ വിജ്ഞാപനമോ ഉത്തരവോ ലംഘിക്കുകയോ അതിനുള്ള പ്രേരണ നൽകിയതോ ആയ ഏതൊരാളേയും നിയമാനുസൃതമായ നടപടികൾക്ക് വിധേയനാക്കാവുന്നതാണ്.

31. <u>ഉത്തമ വിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം</u>.— (1) ഈ ആക്ടിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥ അനുസരിച്ച് ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്ടോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളോ അനുസരിച്ച് ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ പ്രവൃത്തിമൂലം സംഭവിച്ചതോ സംഭവിക്കാനിടയുള്ളതോ ആയ ഏതെങ്കിലും നഷ്ടത്തിന്റെ പേരിൽ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ എതിരായി യാതൊരു വ്യവഹാരമോ നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

32. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം</u>.—(1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, അത്തരം വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ

യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏത് കാര്യവും, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവു മുഖേന ചെയ്യാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ടുവർഷ കാലാവധി അവസാനിച്ചതിനുശേഷം ഉണ്ടാക്കുവാൻ പാടില്ലാത്തതാണ്.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച എല്ലാ ഉത്തരവുകളും അത് പുറപ്പെടുവിച്ചതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

33. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.— (1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാലു ദിവസത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനു ശേഷം, അതത് സംഗതി പോലെ, അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയും ചെയ്യുന്നതും, എന്നിരുന്നാലും, അങ്ങനെയുള്ള രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്.

34. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ഓർഡിനൻസ് (2021-ലെ 112) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

---